കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് - വെള്ളുരുത്തി ഗവ.എൽ.പി.സ്കൂളിന് വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1121/14/തസ്വഭവ തിരുവനന്തപുരം, തീയതി :12/05/2014.

---

പരാമർശം:- 1) പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറിന്റെ 20.04.2013 -ലെ എ 1-4001/13-14 നമ്പർ കത്ത്.

2)പഞ്ചായത്ത് ഡയറക്ടറുടെ 19/03/2014 ലെ ജെ1-17183/2014 നമ്പർകത്ത്.

3)23.04.2014 ലെ 3.25 -ാം നമ്പർ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം.

## ഉത്തരവ്

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ വെള്ളുരുത്തി ഗവ.എൽ.പി.സ്കൂളിലെ വിദ്യാർത്ഥികളുടെ യാത്രസൗകര്യത്തിനായി പഞ്ചായത്തിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് ഒരു വാഹനം വാങ്ങുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (1) പ്രകാരം പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി. പഞ്ചായത്തിന്റെ ആവശ്യം പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശയും ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡ്രൈവറുടെ വേതനം, വാഹനത്തിന്റെ ഇന്ധനം, മറ്റ് ആവർത്തന ചെലവുകൾ ഇവ പി.ടി.എ വഹിക്കണമെന്ന വ്യവസ്ഥയിൽ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ വെള്ളുരുത്തി ഗവ. എൽ.പി.സ്കൂളിലെ കുട്ടികളുടെ യാത്രാസൗകര്യത്തിനായി ഒരു വാഹനം വാങ്ങുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

(ജെസ്സി ജോർജ്ജ്)
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (**LBA&A**), തിരുവനന്തപുരം.
സെക്രട്ടറി, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്, കോട്ടയം.
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം,

പ്രസിഡൻറ്/സെക്രട്ടറി, പി.ടി.എ, വെള്ളുരുത്തി ഗവ.യു.പി.സ്കൂൾ, പനച്ചിക്കാട്, കോട്ടയം.
ഹെഡ്മാസ്റ്റർ, വെള്ളുരുത്തി ഗവ.എൽ.പി. സ്കൂൾ, പനച്ചിക്കാട്, കോട്ടയം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ